

ജനുവരി 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,
ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം,

2021-ാം ആണ്ടിലേക്ക് പ്രവേശിക്കുവാൻ ദൈവം തന്റെ കൃപയാൽ നമ്മെ സഹായിക്കുന്നു. പിന്നിട്ട വർഷത്തിലെ സമ്മിശ്രമായ അനുഭവങ്ങളിൽ അതിശയകരമായി നമ്മെ പരിപാലിച്ച ദൈവത്തിന് സ്തോത്രം. “ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും ദേശത്തിൻ മേൽ ഇരിക്കുന്നു” (ആവ. 11: 12). സംവത്സരങ്ങളെ തന്റെ കൃപയാൽ ധന്യമാക്കുന്ന ദൈവത്തിന്റെ പരിപാലനം തുടർന്നും അനുഭവിപ്പാൻ പുതുവർഷം ഏവർക്കും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

കോവിഡ്-19 മഹാമാരിക്ക് പ്രതിവിധിയായി വാക്സിന്റ ലഭ്യതയും വിതരണവും സാധ്യമാകുന്നു എന്ന വാർത്ത ആശ്വാസകരമാണ്. എന്നാൽ കോവിഡ് പ്രതിരോധത്തിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കും ഒട്ടും അയവ് വരുത്താതെ ജാഗ്രത പാലിക്കുവാൻ ഏവർക്കും സാധിക്കണം. ‘കോവിഡ് പൂർവ്വകാലത്തേക്ക്’ മടങ്ങിപ്പോകുന്നത് പലരും സ്വപ്നം കാണുന്നുവെങ്കിലും അത് സാധ്യമാകുമോ, അഭികാമ്യമാണോ എന്നൊക്കെ നാം ചിന്തിക്കണം. ശാസ്ത്ര സാങ്കേതിക വിദ്യകളുടെ പിൻബലത്തോടെ മനുഷ്യൻ അജയ്യതയുടെ അഹന്ത പേറുന്ന കാലമായിരുന്നല്ലോ, കോവിഡ് പൂർവ്വകാലം. പഴയതിലേക്ക് മടങ്ങുവാനുള്ള വ്യഗ്രതയ്ക്ക് പകരം പൂർവ്വകാലത്തെ അപചയങ്ങളിൽ നിന്ന് പാഠങ്ങൾ ഉൾക്കൊണ്ട് ദൈവകൃപയിൽ ആശ്രയിച്ച് മുമ്പോട്ടു പോകുവാൻ നമുക്ക് സാധിക്കണം. പ്രതിസന്ധിയുടെ ഈ കാലത്ത് സ്വന്തം സുരക്ഷപോലും മറന്ന് കോവിഡ് രോഗികളെയും മറ്റും ശുശ്രൂഷിക്കുന്ന ആരോഗ്യ, സുരക്ഷാപ്രവർത്തകരെ നമുക്ക് നന്ദിയോടെ ഓർക്കാം. അവരുടെ സേവനങ്ങൾ സമൂഹവും സഭയും ഒരിക്കലും മറക്കരുത്. കോവിഡിന്റെ പ്രതിസന്ധിയുടെ നടുവിലും നമ്മുടെ ദൈവാലയങ്ങൾ ആരാധനയ്ക്കായി തുറന്നിരിക്കുകയാണല്ലോ. സർക്കാർ നിഷ്കർഷിച്ച നിയന്ത്രണങ്ങളുടെ പരിധിക്കുള്ളിൽ മാത്രമേ ദൈവാലയങ്ങൾ പ്രവർത്തിക്കുവാൻ സാധിക്കൂ. ഇപ്പോഴും ആരാധനയിൽ പങ്കെടുക്കുവാൻ സാധിക്കാതിരിക്കുന്ന കൊച്ചുകുട്ടികൾ, മുതിർന്ന പൗരന്മാർ, രോഗികൾ എന്നിവരുടെ ആത്മീക പരിപോഷണം പ്രധാനമാണ്.

നമ്മുടെ സഭയിൽ വൈദീകപഠനവും പ്രായോഗിക പരിശീലനവും പൂർത്തിയാക്കിയ 49 പേർ ഈ നാളുകളിൽ ശെമ്മാശ് -വൈദീക സ്ഥാനങ്ങളിലേക്ക് പ്രവേശിക്കുന്നു. അതിൽ കേരളത്തിന് പുറത്ത് നിന്നും ഇതര ഭാഷാ-സാംസ്കാരിക മേഖലകളിൽ നിന്നുമുള്ളവർ ഉൾപ്പെടുന്നു എന്നത് സഭയുടെ മിഷൻപ്രവർത്തനങ്ങളുടെ പുത്തൻ ദിശാ ബോധത്തിന്റെയും ദൗത്യചലനത്തിന്റെയും സൂചനകളാണ്. പട്ടം കൊട ശുശ്രൂഷകളിൽ ദൈവകൃപയുടെ അമിതവ്യാപാരം ഉണ്ടാകുന്നതിനും, പരിശുദ്ധാത്മനിറവിൽ സമർപ്പിത ശുശ്രൂഷ അവരിലൂടെ സാധ്യമാകുന്നതിനും ഏവരും മുട്ടിപ്പായി പ്രാർത്ഥിക്കണം.

കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽ വിജയിച്ച എല്ലാവരേയും അനുമോദിക്കുന്നു. ജനക്ഷേമത്തിനായി നാടിന്റെ നാഡീസ്പന്ദനം തിരിച്ചറിഞ്ഞ്, പ്രാദേശിക തലങ്ങളിൽ വികസനം വിരിയിച്ചവരെ ജനങ്ങൾ തിരിച്ചറിയുന്നു എന്നുവേണം മനസ്സിലാക്കുവാൻ. തിരഞ്ഞെടുപ്പിന്റെ പോരാട്ടവീര്യം കെട്ടടങ്ങിയ ഈ ഘട്ടത്തിൽ വിജയിച്ചവരും പരാജയപ്പെട്ടവരും ഒരുപോലെ നാടിന്റെ പൊതുനന്മക്കായി പ്രവർത്തിക്കും എന്ന് പ്രത്യാശിക്കാം. റോഡ്‌വികസനം, മാലിന്യസംസ്ക്കരണം, പൊതുജനാരോഗ്യപരിപാലനം, പ്രകൃതി സംരക്ഷണം എന്നിവ ഫലപ്രദമായി നടപ്പിലാക്കി പ്രാദേശികയിടങ്ങളുടെ മുഖഛായ മാറ്റുവാൻ സമർപ്പിതരും പ്രതിജ്ഞാബദ്ധരുമാകണം ജനപ്രതിനിധികൾ. തിരഞ്ഞെടുക്കപ്പെട്ടവരിൽ പകുതിയിലധികം വനിതകൾ ഉൾപ്പെട്ടുന്നുവെന്നത് അഭിമാനകരവും പ്രത്യേകം പ്രസ്താവ്യവുമാണ്.

കൊടും തണുപ്പിൽ തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സമരം ചെയ്യുന്ന കർഷകരും അവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തങ്ങളുടെ മെഡലുകൾ തിരികെ നല്കുന്ന പട്ടാളക്കാരും നവ ഇന്ത്യയിലെ കാഴ്ചകളാണ്. രാജ്യത്തെ ഭക്ഷ്യസുരക്ഷ നിലനിർത്തുന്ന കർഷകരുടെ രോദനം രാജ്യത്തിന്റെ മുഴുവൻ രോദനമാണ്. കൊടും തണുപ്പിൽ മരണം നേരിടേണ്ടി വന്നിട്ടും സമരഭൂമിയിൽ ശക്തമായി നിലകൊള്ളുന്ന കർഷക സമൂഹത്തെ ലോകം മുഴുവൻ ആകാംഷയോടെ നോക്കിക്കാണുന്നു. വേല സ്ഥലവും ഭവനങ്ങളും എല്ലാം ഉപേക്ഷിച്ച് അവർ ഡൽഹിയിൽ വന്ന് പാതയോരത്ത് കൊടുംതണുപ്പിൽ കഴിയുന്നത് അവരുടെ വേദനകൾ എത്രമാത്രം തീവ്രമായതുകൊണ്ടാണ്! ജനാധിപത്യം ഒരു സംസ്ക്കാരമാണ്. അത് ജനങ്ങളും അവരുടെ പ്രതിനിധികളായി അവർ തിരഞ്ഞെടുക്കുന്ന ഭരണകർത്താക്കളും തമ്മിലുള്ള ബന്ധങ്ങളിലൂടെ രൂപപ്പെടേണ്ട പാരസ്പരികതയുടെ ആവിർഭാവമാണ്. അന്യോന്യം കേൾക്കലും വിമർശിക്കലും ഒക്കെ സാധ്യമാകുന്ന ഒരു ഇടമാണ് ജനാധിപത്യത്തിന്റെ ഇടം. അധീശത്വത്തിന്റെ അടയാളങ്ങളല്ല, പ്രത്യുത സഹവർത്തിത്വത്തിന്റെ സാധ്യതകളാണ് ഈ ഇടത്തെ അലങ്കരിക്കേണ്ടത്. കൃഷിക്കാർ അവരുടെ ജീവിതാനുഭവങ്ങളിൽ നിന്ന് സംസാരിക്കുമ്പോൾ കർഷകരുടെ ശബ്ദം കേൾക്കുവാനുള്ള മാനസികാവസ്ഥ ഭരണകർത്താക്കൾക്കുണ്ടായിരുന്നെങ്കിൽ എന്നാശിക്കുന്നു. സഹവർത്തിത്വത്തിന്റെ സംസ്ക്കാരം ഒരു രാജ്യത്തിന്റെ പ്രവർത്തനത്തിൽ മാത്രം അനുഗമിക്കേണ്ട ഒന്നല്ല, പ്രത്യുത സഭകളും ഇടവകകളും ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ സമൂഹങ്ങളും പാരസ്പര്യത്തിന്റെ മൂല്യങ്ങളെ സ്വീകരിക്കുമ്പോൾ രൂപപ്പെടുന്ന ഉദാത്തമായ ഒരു സംസ്കൃതി അത്രെ അത്. ഇത്തരം ഒരു സംസ്കൃതിയുടെ പ്രയോക്താക്കളാകുവാനുള്ള വെല്ലുവിളി നാം ഏറ്റെടുത്തേ മതിയാകൂ. ആധിപത്യങ്ങളുടെ മൂല്യങ്ങൾ രൂപപ്പെടുത്തുന്ന ശ്രേണീബദ്ധമായ ചൂഷിത സമൂഹവ്യവസ്ഥകളെ പരിവർത്തിപ്പിക്കുവാൻ ആവശ്യമായ ഊർജ്ജം പാരസ്പരികതയിൽ കണ്ടെത്തുവാൻ നമുക്കാകണം.

ജനുവരി 18 മുതൽ 25 വരെയുള്ള ഒരാഴ്ച ഐക്യപ്രാർത്ഥന വാരമായി അന്തർദേശിയ തലത്തിൽ വേർതിരിച്ചിരിക്കുന്നുവല്ലോ. യോഹന്നാന്റെ സുവിശേഷം 15-ാം അധ്യായം ആസ്പദമാക്കി 'ക്രിസ്തുസ്നേഹത്തിൽ വസിച്ചാൽ വളരെ ഫലം കായ്ക്കും' എന്ന പ്രധാന ചിന്താവിഷയത്തിലൂന്നിയുള്ള ധ്യാനങ്ങളാണ് ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ എല്ലാ പട്ടക്കാരും ഇടവകകളും അടുത്തുള്ള ഇതര സഭാ വിഭാഗങ്ങളുമായി ചേർന്ന് പ്രത്യേക എക്യൂമെനിക്കൽ ആരാധനകൾ ക്രമീകരിക്കുന്നത് ഉചിതമാകും. ദൈവസ്നേഹത്തിന്റ കൂട്ടായ്മയാണ് എക്യൂമെനിസം എന്ന ചിന്ത സഭാവിഭാഗങ്ങൾ തമ്മിലുള്ള അകലം കുറയ്ക്കാൻ പ്രേരകമാകണം.

ജനുവരി 24 ദേശീയ ബാലികാ ദിനമാണ് (National Girl Child Day). സ്ത്രീത്വത്തോടുള്ള വിവേചനം ഏറി വരികയും കുഞ്ഞുങ്ങൾ വരെ പീഢനത്തിന് ഇരയാക്കപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ ബാലികമാർ നിർഭയരായി വളർന്നുവരുവാനുള്ള സാഹചര്യങ്ങൾ ഒരുക്കണം. അവരുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കുവാനുതകുന്ന സാമൂഹ്യ സാഹചര്യങ്ങളെ സൃഷ്ടിക്കുവാൻ നാമെല്ലാവരും ബാധ്യസ്ഥരാണ്.ക്രിസ്തീയ വിശ്വാസ സമൂഹങ്ങൾ ഇതിൽ ഏറെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ജനുവരി 26 റിപ്പബ്ലിക്ക് ദിനമായി നമ്മുടെ രാഷ്ട്രം ആചരിക്കുമ്പോൾ നമ്മുടെ ഭരണഘടനാ ശില്പികളെ നമുക്കോർക്കാം. വ്യത്യസ്ത ജനസഞ്ചയത്തെ മുന്നിൽക്കണ്ട് രൂപീകരിക്കപ്പെട്ട നമ്മുടെ ഭരണഘടന നമ്മുടെ സാമൂഹ്യഭയങ്ങളെ പുറത്താക്കുവാൻ ഏറെക്കുറെ പര്യാപ്തമാണ്. അതുകൊണ്ട് ഭരണഘടനയെ ഗൗരവമായിക്കാണുന്ന ഒരു സമൂഹമായി നാം മാറണം. എന്നാൽ ഭരണഘടനയുടെ മൂല്യങ്ങൾക്ക് വിരുദ്ധമായി അതിനെ വ്യാഖ്യാനിക്കുവാൻ ശ്രമിക്കുന്നവർ ഏറിവരുന്നു എന്നത് ആശാവഹമല്ല. ഭരണഘടനയോടുതന്നെ ഭയമുള്ള ഒരു സമൂഹം ഇതിലൂടെ സൃഷ്ടിക്കപ്പെട്ടേക്കാം. അത് ഏറെ അപകടകരമാണ്. അതിനാൽ ഭരണഘടന വിഭാവനം ചെയ്യുന്ന തുല്യനീതിയുടെയും സമാധാന സംസ്ക്കാരത്തിന്റെയും വക്താക്കളാകുവാൻ നമുക്ക് ശ്രമിക്കാം. മതാധിഷ്ഠിത ദേശീയവാദവും, മതതീവ്രവാദവും ശക്തിപ്പെടുന്ന ഈ കാലഘട്ടത്തിൽ ജനാധിപത്യമൂല്യങ്ങളിൽ അധിഷ്ഠിതമായ രാഷ്ട്രനിർമ്മിതിക്കുവേണ്ടി ക്രിയാത്മക ഇടപെടൽ നടത്തുവാൻ സഭയ്ക്ക് ഉത്തരവാദിത്വമുണ്ട്.

മാർത്തോമ്മാ സണ്ടേസ്ക്കൂൾ സമാജത്തിന്റെ പുതിയ അദ്ധ്യയന വർഷം ജനുവരി മുതൽ ആരംഭിക്കുകയാണല്ലോ. കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് ഓരോ സണ്ടേസ്ക്കൂളിലും പഠനം നടക്കുന്നുവെന്ന് പട്ടക്കാരും അദ്ധ്യാപകരും ഉറപ്പ് വരുത്തണം. സമാജം ഓൺലൈൻ മാധ്യമത്തിലൂടെ ക്ലാസ്സുകൾ ക്രമീകരിച്ച് സഹായിക്കുന്നതാണ്. സൂം, ഗൂഗിൾ മീറ്റ്, വെബെക്സ്, വാട്ട്സാപ്പ് എന്നിവ പ്രയോജനപ്പെടുത്തി സണ്ടേസ്ക്കൂൾ അഭ്യസനം ശാഖാതലങ്ങളിൽ നടത്തണം.

കഴിഞ്ഞ ഒമ്പത് വർഷങ്ങൾ സി.എസ്.ഐ മദ്ധ്യകേരളാ മഹായിടവക ബിഷപ്പായി സേവനമനുഷ്ഠിച്ച അഭിവന്ദ്യ തോമസ് കെ. ഉമ്മൻ തിരുമേനി സഭയുടെ സജീവ സേവനത്തിൽ നിന്ന് ഈ മാസം ആദ്യം വിരമിച്ചു. ഈ കാലയളവിൽ അദ്ദേഹം ആകമാന സി.എസ്.ഐ സഭയുടെ ഡപ്യൂട്ടി മോഡറേറ്ററായും മോഡറേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്. സി.എസ്.ഐ-സി.എൻ.ഐ-മാർത്തോമ്മാ കമ്മ്യൂണിയൻ ഓഫ് ചർച്ചസ് ശക്തിപ്പെടുത്തുവാൻ തിരുമേനി പ്രത്യേക ഊന്നൽ നൽകി. തിരുമേനിയുടെ സേവനങ്ങളെ ഓർത്ത് ദൈവത്തിന് സ്തോത്രം കരേറ്റുകയും വിശ്രമജീവിതം ധന്യമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പുതിയ നേതൃത്വത്തിനായി കാത്തിരിക്കുന്ന മദ്ധ്യകേരള മഹായിടവകയേയും പ്രാർത്ഥനയിൽ ഓർക്കുന്നു.

സഭയ്ക്കും സമൂഹത്തിനും വിലപ്പെട്ട സേവനങ്ങൾ ചെയ്ത ചില പ്രീയപ്പെട്ടവർ അടുത്ത കാലങ്ങളിൽ നമ്മെ വിട്ട് കടന്നു പോയി. സി. എൻ. ഐ. സഭയുടെ മോഡറേറ്ററും കട്ടക്ക് ഭദ്രാ

സന ബിഷപ്പുമായി പ്രവർത്തിച്ച മോസ്റ്റ് റവ. ഡോ. ഡി. കെ. മൊഹന്തി അന്തരിച്ചു. 1995-98 കാലയളവിൽ അദ്ദേഹം മോഡറേറ്ററായിരുന്നപ്പോൾ മാർത്തോമ്മാ സഭയും ഇതര സഭകളുമായുള്ള എക്യൂമെനിക്കൽ ബന്ധങ്ങൾ ശക്തിപ്പെടുത്തുവാൻ പരിശ്രമിച്ചു. സി. എസ്. ഐ. നോർത്ത് കേരള ഡയോസിഷൻ ബിഷപ്പായിരുന്ന റൈറ്റ്. റവ. ഡോ. പി. ജി. കുരുവിളയും അന്തരിച്ചു. ഈ സഭാ പിതാക്കന്മാരുടെ ധന്യമായ ജീവിതത്തെയും സാക്ഷ്യത്തെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു. ഇരവിപേരൂർ ഇമ്മാനുവേൽ മാർത്തോമ്മാ ഇടവകാംഗവും വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജ് മുൻ നേഴ്സിംഗ് സൂപ്രണ്ടുമായിരുന്ന ശ്രീമതി. ഏലി കുരുവിള നിര്യാതയായി. വെല്ലൂർ സി. എം. സി. യിൽ നിന്നും വിരമിച്ച ശേഷം ഓൻ ഛത്രം ക്രിസ്ത്യൻ ഫെലോഷിപ്പ് ആശുപത്രിയിലും കുമ്പനാട് ഫെലോഷിപ്പ് ആശുപത്രിയിലും പ്രവർത്തിച്ചു. മദ്ധ്യ തിരുവിതാംകൂറിലെ സ്ത്രീകളുടെ ഉന്നമനത്തിന് വഴികാട്ടിയായിരുന്ന മിസ്. കുരുവിളയുടെ ജിവിതത്തെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

മലയാളത്തിലെ പ്രശസ്ത കവയിത്രിയും കേരളത്തിന്റെ സാമൂഹിക, പരിസ്ഥിതി പ്രവർത്തകയുമായിരുന്ന സുഗതകുമാരി അന്തരിച്ചു. പ്രകൃതി സംരക്ഷണസമിതിയുടെ സ്ഥാപക സെക്രട്ടറി, കേരളാ സംസ്ഥാന വനിതാ കമ്മീഷൻ മുൻ ചെയർപേഴ്സൺ ആദിയായ നിലകളിൽ ടീച്ചർ വഹിച്ച പങ്ക് ശ്രദ്ധേയമായിരുന്നു. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അനുശോചനം രേഖപ്പെടുത്തുന്നു.

നാക്കട സെന്റ് പോൾസ് മാർത്തോമ്മാ ഇടവകയുടെ പുതിയ ദൈവാലയത്തിന്റെ കൂദാശ നിർവ്വഹിച്ചു. മനോഹരമായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നേതൃത്വം നല്കിയ ഇടവക വികാരിയെയും ജനങ്ങളെയും അഭിനന്ദിക്കുന്നു. ആനപ്രാമ്പാൽ ജെ. എം. എം. ജൂബിലി മന്ദിരത്തിന്റെ വാർഷിക സമ്മേളനം നടത്തി. മനുഷ്യരിൽ ദൈവ മുഖംദർശിച്ച് ആലംബഹീനർക്ക് അത്താണിയാകുവാൻ മന്ദിരം ശുശ്രൂഷകളിലൂടെ തുടർന്നും സാധിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

വർഷാരംഭദിനം (ജനുവരി 1) പരിച്ഛേദന പെരുന്നാളാണ്. അബ്രഹാമിനോടും യിസ്രയേൽ ജനതയോടുമുള്ള ദൈവിക ഉടമ്പടിയുടെ അടയാളമാണ് പരിച്ഛേദന. ദൈവിക ഉടമ്പടിയുടെ തുടർച്ച പുതിയനിയമ സഭയിൽ വി. സ്നാനത്തിലൂടെ വിശ്വസിക്കുകയും അനുവർത്തിക്കുകയും ചെയ്യുന്നു. പുതുവർഷത്തെ ആദ്യ ഞായറാഴ്ച (ജനുവരി-3) ബാഹ്യകേരള മിഷൻ ഞായറായി വേർതിരിച്ചിരിക്കുന്നു. ദൈവരാജ്യത്തിന്റെ സുവിശേഷം സകല സൃഷ്ടിയോടും പ്രസംഗിക്കുക എന്നത് സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന നിയോഗമാണ്. സഭയുടെ പ്രഥമവും പ്രധാനവുമായ നിയോഗം ദൈവരാജ്യപ്രഘോഷണമാണ്. അത് സഭയുടെ നാഥനായ ക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചയാണ്. ലോകത്തിന് ദിശാബോധം നൽകി ദൈവോന്മുഖമായി വളരുവാൻ സാഹചര്യം ഒരുക്കുന്നതാണ് സഭയുടെ ദൗത്യം. മനുഷ്യന്റെ നൊമ്പരങ്ങളെ തിരിച്ചറിയുവാൻ കഴിയുന്നിടത്താണ് സഭ ദൗത്യത്തിനായി പ്രേരിപ്പിക്കപ്പെടുന്നത്. യേശുവിൽ നാം ദർശിക്കുന്ന മനസ്സലിവിന്റെയും ആർദ്രതയുടെയും ആത്മാവ് ലോകത്തിന്റെ വേദനയിലും തകർച്ചയിലും ഇടപെടുവാൻ സഭയെ പ്രേരിപ്പിക്കുന്നു. 'കൊയ്ത്ത് വളരെയുണ്ട് എന്ന കർത്താവിന്റെ വാക്കുകൾ ദൗത്യത്തിന്റെ വലിയ ആവശ്യകത സൂചിപ്പിക്കുന്നു. ബാഹ്യകേരള മിഷൻ സഭയുടെ ദൗത്യപാതയിൽ ശ്രദ്ധേമായ ഒരു കാൽവയ്പ്പായിരുന്നു. സുവിശേഷം ഏവർക്കും അവകാശപ്പെട്ടതെന്നും, പരിചിതമായ ഇടങ്ങളിൽ നിന്നും വിദൂരമായ ഇടങ്ങളിലേക്ക് സുവിശേഷവുമായി പോകണമെന്നുമുള്ള ബോദ്ധ്യം സഭയ്ക്ക് പുതിയ ഉണർവ്വേകി. ഓരോ കാലത്തിന്റെയും ആവശ്യങ്ങൾ അനുസരിച്ചുള്ള ദൗത്യനിർവ്വഹണ രീതികളും മേഖലകളും കണ്ടെത്തുവാനും ഇടപെടുവാനും സഭയ്ക്ക് കഴിയണം. ഭാരതത്തിന്റെ പട്ടണങ്ങളും ഗ്രാമങ്ങളും ദൈവരാജ്യാനുഭവത്തിൽ പങ്കുകാരാകുന്ന ദൗത്യത്തിൽ സഭ ഇനിയും മുന്നേറേണ്ടിയിരിക്കുന്നു.

ജനുവരി 6 ന് ദനഹാ (Epiphany), നമ്മുടെ കർത്താവിന്റെ സ്നാപനത്തെ അനുസ്മരിക്കുന്നു. യോഹന്നാൻ സ്നാപകനാൽ കർത്താവ് സ്വീകരിക്കുന്ന സ്നാനം സൃഷ്ടിയോടുള്ള താദാത്മ്യവും പരിശുദ്ധ ത്രിത്വത്തിന്റെ വെളിപ്പെടുത്തലുമാണ്. ജനുവരി 8 ന് വി. സ്തേഫാനോസിന്റെ നാൾ (St. Stephen's Day), സഭയുടെ ആദ്യ രക്തസാക്ഷിയായ സ്തേഫാനോസിന്റെ ജീവിതവും സാക്ഷ്യവും മരണവും സഭ അനുസ്മരിക്കുമ്പോൾ സമകാലിക ലോകത്തിൽ ത്യാഗോജ്ജ്വല സാക്ഷ്യം നിർവ്വഹിക്കുവാൻ സഭ സമർപ്പിക്കുകയാണ് ചെയ്യുന്നത്.

രണ്ടാം ഞായറാഴ്ച (ജനുവരി 10) ലഹരി വിരുദ്ധ ദിനമായി സഭ വേർതിരിച്ചിരിക്കുന്നു. 'വിലയുള്ള ജീവൻ' എന്നതാണ് ചിന്താവിഷയം. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗവും, മൊബൈൽ ഫോൺ, ഇന്റർനെറ്റ് മുതലായ ഉപാധികളോടുള്ള അടിമത്വവും വ്യക്തികളെയും കുടുംബങ്ങളെയും അനുദിനം ദുരിതത്തിലേക്ക് നയിക്കുന്നു. ആസക്തികൾക്ക് നാം അടിമകളായിക്കൂടാ എന്നു മാത്രമല്ല, അത്തരം അവസ്ഥകളിലായിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹാനുഭൂതിയോടെ ജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരുവാനും ലഹരിരഹിത സമൂഹത്തിനു വേണ്ടി പ്രവർത്തിക്കുവാനും വിശ്വാസ സമൂഹത്തിന് കടമയുണ്ട്. ലൂക്കോസിന്റെ സുവിശേഷം 15:11 മുതൽ രേഖപ്പെടുത്തിയിരിക്കുന്ന യേശുവിന്റെ ഉപമ തന്റെ ഭവനത്തിന്റെ ബന്ധങ്ങൾ ഉപേക്ഷിച്ച് ഉല്ലാസങ്ങളുടെയും ആസക്തികളുടെയും ലോകത്തേക്ക് യാത്രയാകുന്ന ഒരു യുവാവിന്റെ ചിത്രമാണ്. തന്റെ ജീവന്റെയും ജീവിതത്തിന്റെയും മൂല്യം തിരിച്ചറിയാൻ കഴിയാതെ പോകുന്നതാണ് ഈ ദുരവസ്ഥയ്ക്കു കാരണം. ലഹരിയുടെ മായികലോകത്തേക്ക് ആനയിക്കപ്പെടുമ്പോൾ ഇല്ലാതെയാകുന്നത് ജീവന്റെ അനുഭവങ്ങളാണ്. എങ്കിലും അപഥസഞ്ചാരത്തിന്റെ വഴികളിലും തന്റെ ഭവനത്തിന്റെ നല്ല ശീലങ്ങൾ പ്രകാശത്തിന്റെ കൈത്തിരിയായി നിലനിൽക്കും എന്നതിന് സംശയമില്ല. തന്റെ അഭിമാനത്തേക്കാളും സമ്പത്തിനേക്കാളും ജീവനെ അമൂല്യമായി കാണുന്ന

പിതാവ്, നഷ്ടപ്പെട്ട മകന്റെ മടങ്ങിവരവിനു കാത്തിരുന്ന് മനസ്സോടെ അവനെ സ്വീകരിച്ച് യഥാസ്ഥാനപ്പെടുത്തുന്നത് ആശ്ചര്യകരമാണ്. Family spiritual practices are the real investments in life. ഭവനത്തിനുള്ളിൽ ജീവിക്കുമ്പോൾ പോലും ജീവന്റെ വീണ്ടെടുപ്പിന്റെ മഹത്വം തിരിച്ചറിയാൻ കഴിയാതെപോകുന്ന മൂത്തമകന്റെ മനോഭാവവും നമ്മെ അസ്വസ്ഥരാക്കേണ്ടതാണ്.

മൂന്നാം ഞായറാഴ്ച (ജനുവരി 17) സഭയായി ധ്യാനിക്കുന്നത് 'ക്രിസ്തുശരീരമാകുന്ന സഭ' എന്ന വിഷയമാണ്. ഫിലിപ്പിന്റെ കൈസര്യയിൽ വച്ച് യേശു ശിഷ്യരോട് ഉന്നയിക്കുന്ന ചോദ്യം പ്രത്യക്ഷത്തിൽ ലളിതമെന്ന് തോന്നുമെങ്കിലും അതിന് ലഭിക്കുന്ന ഉത്തരങ്ങളുടെ വൈവിധ്യം യേശുവിന്റെ ആളത്വത്തെ എത്രമാത്രം വ്യത്യസ്ഥമായ രീതികളിലാണ് ജനങ്ങൾ മനസ്സിലാക്കുന്നത് എന്ന് സൂചിപ്പിക്കുന്നു. 'യേശു ആര്' എന്ന ചോദ്യത്തിന് പത്രോസ് നല്കുന്നത് വെറുമൊരു അഭിപ്രായമല്ല, യേശുവിന്റെ ആളത്വത്തെപ്പറ്റിയുള്ള അസന്നിഗ്ദമായ വിശ്വാസപ്രഖ്യാപനമാണ്. തങ്ങളുടെ ഗുരുവായ യേശു ദൈവത്തിന്റെ പുത്രനായ അഭിഷിക്തനാണ് എന്നത് കേവലം മാനുഷികമായ അറിവല്ല. ദൈവത്തോട് ചേർന്നുള്ള കാഴ്ചപ്പാടിലൂടെ മാത്രമെ യേശു ആരെന്നുള്ള യഥാർത്ഥ തിരിച്ചറിവ് നമുക്ക് ലഭ്യമാകുകയുള്ളു. ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലുകളിലൂടെയാണ് നമുക്ക് ദൈവത്തെ മനസ്സിലാക്കുവാൻ കഴിയുന്നത്. നസറായനായ യേശു ജീവനുള്ള ദൈവത്തിന്റെ അഭിഷിക്തനാണെന്ന ഉറപ്പുള്ള വിശ്വാസത്തിന്മേലാണ് സഭ പണിയപ്പെട്ടിരിക്കുന്നത്. വിശ്വാസസമൂഹത്തെ ചിതറിച്ച് കളയുവാൻ പരിശ്രമിക്കുന്ന ദുരുപദേശങ്ങളുടെയും ഭിന്നതകളുടെയും മുമ്പിൽ പതറാതെ നിൽക്കുവാൻ കഴിയുന്നത് ഉറപ്പുള്ള വിശ്വാസത്തിന്മേൽ സഭ അടിസ്ഥാനപ്പെട്ടിരിക്കുന്നതിനാലാണ്. ദൈവഹിതം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിവർത്തിക്കപ്പെടുവാൻ സഭ അതിന്റ സാക്ഷ്യജീവിതത്തിൽ ശക്തിപ്പെടണം. ലോകത്തിന്റെ അനുഭവങ്ങളിൽ ക്രിസ്തുവിന്റെ ശരീരധാരണമാണ് സഭയിലൂടെ സംഭവിക്കേണ്ടത്. സഭ ലോകത്തിൽ നിരന്തരം സംഭവിച്ചുകൊണ്ടിരിക്കേണ്ടതാണ് (Church happens every day).

നാലാം ഞായറാഴ്ച (ജനുവരി 24) എക്യൂമെനിക്കൽ ഞായറാണ്. യേശുവിന്റെ മഹാപുരോഹിത പ്രാർത്ഥന എന്നറിയപ്പെടുന്ന യോഹ. 17 ൽ, തന്നെ അനുഗമിക്കുന്നവർ സത്യത്തിലും സ്നേഹത്തിലും വിശുദ്ധിയിലും ഐക്യത്തിലും തികഞ്ഞവരാകേണം എന്നുള്ള ആഴമായ അഭിവാഞ്ഛ യേശു വെളിപ്പെടുത്തുന്നു. പിതാവായ ദൈവത്താൽ ലോകത്തിലേക്ക് അയക്കപ്പെട്ടിരിക്കുന്നു എന്ന് യേശുവിന് ലഭിക്കുന്ന നിയോഗം തന്നെയാണ് ശിഷ്യസമൂഹമായ സഭയിലൂടെ എക്കാലവും തുടരുന്നത്. സഭയുടെ സാക്ഷ്യത്തെ അന്വർത്ഥമാക്കുന്നത് അതിന്റെ ഐക്യമാണ്. ത്രിത്വത്തിൽ വെളിവാക്കപ്പെട്ടവരും പരസ്പരം ഒന്നായിരിക്കുന്നവരുമായ ദൈവീക സ്വഭാവമാണ് സഭയുടെ ഐക്യത്തിന് അടിസ്ഥാനം. അത് മാനുഷികമായി നിർമ്മിക്കപ്പെടുന്നതല്ല. ദൈവസ്വഭാവത്തിൽ പങ്കുകാരാകുമ്പോൾ അതിന്റെ ഉണ്മയിൽ സഭ തിരിച്ചറിയുകയും ആഘോഷിക്കുകയും ചെയ്യുന്ന അനുഭവമാണത്. സഭകൾ തമ്മിലും സഭകൾക്കുള്ളിലും നിലനിൽക്കുന്ന ഭിന്നതയും അനൈക്യവും ക്രിസ്തീയ സാക്ഷ്യത്തിന് വിഘാതമാകുന്നു. എക്യൂമെനിസം സഭകൾ തമ്മിലുള്ള ബന്ധം മാത്രമല്ല ലക്ഷ്യമാക്കുന്നത്, വ്യത്യസ്തതകളെ ആദരിച്ചും അംഗീകരിച്ചും കൊണ്ട് സമൂഹത്തിന്റെ ആകമാന ഒരുമയാണത്. ജാതി-മത-വർണ്ണ-വർഗ്ഗ-ലിംഗ വേർതിരിവുകളെ മാറ്റി നിർത്തി സകല സൃഷ്ടിയെയും ഉൾക്കൊള്ളുന്ന സമഗ്രതയുടെ അനുഭവം കൂടിയാണ് എക്യൂമെനിസം.

ജനുവരി 25 മുതൽ 28 വരെ മൂന്നു നോമ്പ് ആചരിക്കുന്നു. അനുതാപത്തിന്റെ പ്രസക്തിയും സത്യമായി അനുതപിക്കുന്നവരോട് ക്ഷമിക്കുന്ന ദൈവത്തിന്റെ മനസ്സലിവും തിരിച്ചറിയുന്നതിനുള്ള അവസരമാണിത്. നിനവെയിലെ ജനങ്ങൾ യോനയുടെ പ്രസംഗം ശ്രവിച്ച് അനുതപിച്ചതുപോലെ സഭയ്ക്കും ആഴമായ പാപബോധവും അനുതാപവും ആവശ്യമാണ്. ആയതിന് നമ്മെത്തന്നെ ദൈവകരങ്ങളിലർപ്പിക്കാം.

ജനുവരി മാസത്തിന്റെ അവസാന ഞായറാഴ്ച (ജനുവരി 31) ഭാരതത്തിന്റെ റിപ്പബ്ലിക്ക് ദിനത്തോട് അനുബന്ധിച്ച് 'രാഷ്ട്രനിർമ്മിതിയിൽ ക്രൈസ്തവ പങ്കാളിത്തം' എന്ന വിഷയം സഭ ധ്യാനിക്കുന്നു. നിലവിലുള്ള രീതികളെയും ധാരണകളെയും മാറ്റി മറിക്കുന്ന തരത്തിലുള്ള ശക്തമായ സന്ദേശമാണ് യോഹന്നാൻ സ്നാപകൻ തന്റെ അടുക്കൽ എത്തുന്ന പുരുഷാരത്തിന് നൽകുന്നത്. രക്ഷയെപ്പറ്റി പരമ്പരാഗതമായി വച്ചുപുലർത്തിപ്പോരുന്ന വംശീയമായ ധാരണകളിൽ അഭയം കണ്ടെത്തുന്ന ജനങ്ങളോട് മാനസാന്തരത്തിൽ അധിഷ്ഠിതമായ ജീവിതശൈലിയുടെ അനിവാര്യതയെപ്പറ്റി സ്നാപകൻ വ്യക്തമാക്കുന്നു. വിശ്വാസസമൂഹത്തിന്റെ ജീവിതത്തിലൂടെയാണ് ആത്മീയത പ്രകടമാകേണ്ടത്. വ്യത്യസ്ഥമേഖലകളിൽ പ്രവർത്തിക്കുന്നവർ, ചുങ്കക്കാർ, പടയാളികൾ എന്നിവർ അവരവരുടെ ചുമതലയും അധികാരവും നീതിപൂർവ്വമായ രീതിയിൽ പ്രയോഗിക്കണമെന്നും പരിധികൾക്കപ്പുറം പോകരുതെന്നും സ്നാപകൻ ഉപദേശിക്കുന്നു. മറ്റുള്ളവരുടെ ഇല്ലായ്മകൾ മനസ്സിലാക്കി തങ്ങൾക്കുള്ള വിഭവങ്ങൾ പങ്കുവെയ്ക്കുമ്പോഴാണ് വിശ്വാസവും ആത്മീയതയും അർത്ഥവത്താകുന്നത്. അനീതിയും, അസമത്വവും, ചൂഷണവും, ദാരിദ്ര്യവും നിലനിൽക്കുന്ന സാഹചര്യങ്ങൾ അവഗണിക്കുവാൻ വിശ്വാസസമൂഹത്തിനാവുകയില്ല. രാഷ്ട്രത്തിന്റെ അധികാരവും സംവിധാനങ്ങളും ജനങ്ങൾക്ക് ക്ഷേമവും നീതിയും ഉറപ്പാക്കുവാൻ വേണ്ടിയുള്ളതാണ്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഏവർക്കും പുതുവത്സരാശംസകൾ!



പൂലാത്തീൻ
26.12.2020

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**